കടാശ്വാസ കമ്മീഷന് ആകെ ലഭിച്ച 1,29,691 അപേക്ഷകളിൽ സിറ്റിംഗിലും അദാലത്തുകളിലും ഇതിനകം പരിശോധിച്ച അപേക്ഷകളിൽ 72639 കടങ്ങളിൽ കടാശ്വാസത്തിനു അർഹത കണ്ടെത്തുകയും സർക്കാർ അംഗീകരിച്ച എട്ട് ലിസ്റ്റുകളിൽ ആറ് ലിസ്റ്റുകൾ വരെയുള്ള കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്.

മത്സ്യഫെഡ്/സഹകരണ വകുപ്പ്/ദേശസാൽകൃത ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം ചെയ്ത കടാശ്വാസ തുകയുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

192 (2019) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കുട്ടനാട്ടിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിച്ചു എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ വഴി ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്തെ ആകെ 57 ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി 1,14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേകം ഭവന നിർമ്മാണ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാപദ്ധതികൾ

193 (2020) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടുവെന്നും എത്ര തുക ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ മത്സ്യബന്ധനബോട്ടുകളിലും വയർലെസ്സോ മൊബൈൽ കണക്ടിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എല്ലാ മത്സ്യത്തൊഴിലാളികൾക്കും കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (കടൽ മത്സ്യസമ്പത്ത്) എന്ന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 100 ലക്ഷം രൂപ, കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ്, മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വയർലെസ്സോ മൊബൈൽ കണക്ടിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കാനുള്ള പൂർണ്ണമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരളത്തിൽ നിന്നും മത്സ്യബന്ധനത്തിനുപോകുന്ന 7262 മത്സ്യ ബന്ധനയാന ഉടമകൾക്ക് ലൈഫ്ബോയ്, റഡാർ, റിഫ്ലക്ടർ, കോമ്പസ്, ഹീലിയോഗ്രാഫ്, റേഡിയോ ബീക്കൺ, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയിഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, ജാക്ക്നൈഫ്, കന്നാസ് എന്നീ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

എയർ കേരള പദ്ധതിയുടെ പുരോഗതി

194 (2021) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതി ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly